കേരള സർക്കാർ
കാർഷിക വികസന
കർഷക ക്ഷേമ വകുപ്പ്

# ഹരിതദളം

പുസ്തകം 23 | ലക്കം 1 | സെപ്റ്റംബർ 15 2025
ഫാം ഇൻഫർമേഷൻ ബ്യൂറോയുടെ ദ്വൈവാര ഇ-വാർത്ത പത്രിക

അകത്താളുകളിൽ

2 കുറ്റ്യാടി കേരസമൃദ്ധി മിഷൻ സെമിനാർ വനം–വന്യജീവി വകുപ്പ് മന്ത്രി എ. കെ.ശശീന്ദ്രൻ ഉദ്ഘാടനം ചെയ്തു
3 ക്ഷീരവികസനവകുപ്പ് നേമം ബ്ലോക്ക് ക്ഷീരകർഷക സംഗമം
4 ക്ഷീരമേഖല മാറ്റത്തിന്റെ പാതയിൽ: മന്ത്രി ജെ ചിഞ്ചുറാണി

## കൂൺകൃഷിയിലും മാതൃക തീർത്ത് കൃഷിമന്ത്രി പി പ്രസാദ്

### ആരോഗ്യത്തിനും ആദായത്തിനും കൂൺ കൃഷി



കൃഷി മന്ത്രിയുടെ ചേർത്തലയിലെ വീട്ടിലെ കുണിന്റെ വിളവെടുപ്പ് നിർവഹിക്കുന്നു.

ഭക്ഷണത്തിൽ ശ്രദ്ധ ചെലുത്താതെ ആരോഗ്യവും ജീവിതവും നിലനിൽക്കില്ലെന്നും ആരോഗ്യകരമായി മുന്നോട്ടു പോകണമെങ്കിൽ ഭക്ഷണം പരമപ്രധാനമാണെന്നും കൃഷിമന്ത്രി പി പ്രസാദ് പറഞ്ഞു. മന്ത്രിയുടെ ചേർത്തലയിലെ വീട്ടിലെ കുൺ കൃഷി വിളവെടുപ്പ് നിർവഹിച്ചു സംസാരിക്കുകയായിരുന്നു മന്ത്രി. 100% വിഷരഹിതമായി ഉത്പാദിപ്പിക്കാൻ കഴിയുമെന്ന പ്രത്യേകതയുള്ള ഭക്ഷണമാണ് കുൺ. ഏറ്റവും കൂടുതൽ പോഷകഗുണമുള്ളതും വൈറ്റമിൻ ഡി യുടെ കലവറ കൂടിയാണ് കുണുകൾ. കേരളത്തിൽ ഏറ്റവും ലാഭകരമായി ചെയ്യാൻ പറ്റുന്ന ഒന്നാണ് കുൺ കൃഷിയെന്നും വിവിധതരം ഇനങ്ങൾ കേരളത്തിൽ കർഷകർ കൃഷി ചെയ്യുന്നുണ്ടെന്നും കുണിനെ സൂപ്പർ ഫുഡ് ആയി ലോകം തന്നെ അംഗീകരിച്ചു കഴിഞ്ഞുവെന്നും മന്ത്രി പറഞ്ഞു.

കൃഷി വകുപ്പ് കേരളത്തിലെ നൂറിടങ്ങളിൽ ഇപ്പോൾ കുൺഗ്രാമങ്ങൾക്ക് തുടക്കം കുറിച്ചു കഴിഞ്ഞു. വിവിധങ്ങളായ ഉൽപ്പന്നങ്ങളും കുണിൽ നിന്നും നിർമ്മിക്കുന്നുണ്ട്. സൂപ്പ് മുതൽ പായസം വരെ കുണിൽ നിന്നും നിർമ്മിക്കാൻ പറ്റും. ആരോഗ്യവും ആദായവും കുൺ കൃഷിയിലൂടെ സാധിക്കുമെന്നും മന്ത്രി പറഞ്ഞു. വീടിന്റെ മുൻവശത്താണ് ഹൈടെക് കുൺ യൂണിറ്റ് സജ്ജീകരിച്ചിരിക്കുന്നത്. “മൈ ഓൺ മഷ്റൂം” എന്ന ബ്രാൻഡിലാണ് വിൽപ്പന. 750 മുതൽ 1000 ബെഡ്ഡുകൾ വരെ ഉപയോഗിക്കാൻ കഴിയുന്ന മഷ്റൂം യൂണിറ്റാണ് ഇവിടെ തയ്യാറാക്കിയിരിക്കുന്നത്. HU ഇനത്തിലുള്ള ഓയിസ്റ്റർ മഷ്റൂം ആണ് പ്രധാനമായും കൃഷി ചെയ്തിരിക്കുന്നത്. പൂക്കൃഷിയും പച്ചക്കറി കൃഷിയുമായി നിറഞ്ഞിരുന്ന ചേർത്തലയിലെ വീടിന് കുൺ കൃഷി പുത്തൻ

ചീഫ് എഡിറ്റർ - സിന്ധു കെ.എസ്.
എഡിറ്റർ - ഡോ. വി. കൃഷ്ണദാസ്
അസോസിയേറ്റ് എഡിറ്റർ - മനു കെ.ജി.
അസിസ്റ്റന്റ് എഡിറ്റർ - സുജിത്ത് എസ്.എസ്.

അനുഭവമാവുകയാണ്.

ആലപ്പുഴ ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റ് എൻ എസ് ശിവപ്രസാദ്, ചേർത്തല നഗരസഭ ചെയർപേഴ്സൺ ഷേർളി ഭാർഗ്ഗവൻ, തണ്ണീർമുക്കം പഞ്ചായത്ത് പ്രസിഡന്റ് ശശികല, വയലാർ പഞ്ചായത്ത് പ്രസിഡന്റ് ഓമന ബാനർജി, കഞ്ഞിക്കുഴി പഞ്ചായത്ത് പ്രസിഡന്റ് ഗീതാ കാർത്തികേയൻ, കടക്കരപ്പള്ളി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ജെയിംസ് ചിങ്കുതറ,നഗരസഭ വൈസ് ചെയർപേഴ്സൺ റ്റി എസ്സ് അജയകുമാർ, സ്റ്റാന്റിങ് കമ്മിറ്റി ചെയർപേഴ്സൺ ശോഭാ ജോഷി, ജനപ്രതിനിധികൾ, വിവിധ രാഷ്ട്രീയകക്ഷി നേതാക്കൾ തുടങ്ങിയവർ പങ്കെടുത്തു



# കുറ്റ്യാടി കേരസമൃദ്ധി മിഷൻ സെമിനാർ വനം–വന്യജീവി വകുപ്പ് മന്ത്രി എ. കെ.ശശീന്ദ്രൻ ഉദ്ഘാടനം ചെയ്തു

ഭൂവിനിയോഗ വകുപ്പിന്റെ അമ്പതാം വാർഷികത്തോടനുബന്ധിച്ചാണ് കുറ്റ്യാടി കേരസമൃദ്ധി മിഷൻ സെമിനാർ സംഘടിപ്പിച്ചത്. “തെങ്ങ് അധിഷ്ഠിത ഭൂവിനിയോഗവും കാലാവസ്ഥാ വ്യതിയാനവും” എന്ന സംസ്ഥാനതല ഭൂവിനിയോഗ സെമിനാറിന്റെ പ്രധാന നിർദ്ദേശങ്ങളിൽ ഒന്നാണ് സമഗ്രമായ ഇടപെടലുകൾ വഴി തെങ്ങ് കൃഷിയുടെ വികസനവും കേരകർഷകരുടെ വരുമാന വർദ്ധനവും ഉണ്ടാക്കുക എന്നത്. ഇതിന്റെ ആദ്യഘട്ടം എന്ന നിലയിലാണ് കോഴിക്കോട് ജനപ്രതിനിധികളുടെയും സംസ്ഥാനത്തെ വിവിധ വകുപ്പുകളുടെയും സ്ഥാപനങ്ങളുടെയും കർഷക കൂട്ടായ്മകളുടെയും ഏകോപനം ഉറപ്പാക്കിക്കൊണ്ട് കുറ്റ്യാടി കേരസമൃദ്ധി മിഷൻ നടപ്പിലാക്കുന്നത്.

കുറ്റ്യാടി തെങ്ങിന്റെ സാധ്യതകൾ പ്രയോജനപ്പെടുത്തി കോഴിക്കോട് ജില്ലയിലെ കുന്നമ്മൽ ബ്ലോക്കിൽ ഒരു സമഗ്ര തെങ്ങു വികസന പരിപാടിക്ക് ഇതോടനുബന്ധിച്ച് രൂപം നൽകിയിട്ടുണ്ട്. പ്രാദേശിക ഭരണകൂടം, ദേശീയ സംസ്ഥാന സർക്കാർ വകുപ്പുകൾ, കർഷകർ, വനിതാ കൂട്ടായ്മകൾ എന്നിവരുടെ പൂർണ്ണ പിന്തുണയോടെയാണ് പദ്ധതി നടപ്പിലാക്ക



ന്നത്. മിഷന്റെ പ്രധാന ലക്ഷ്യങ്ങളിൽ ഒന്നായ കാർഷിക ടൂറിസത്തിന്റെ വികസനം കുറ്റ്യാടി കോക്കനട്ട് ട ദി വേൾഡ് എന്ന പദ്ധതിയും സെമിനാറിൽ ചർച്ച ചെയ്യപ്പെട്ടു.

ഇത് കൂടാതെ നാളികേര കൃഷി വിളവർദ്ധനവിന് സമഗ്ര വിളപരിപാലനവും സംയോജിത കീടരോഗ നിയന്ത്രണവും, നാളികേര മൂല്യ വർദ്ധിത ഉത്പന്നങ്ങളും സംരംഭക സാധ്യതകളും, നാളികേര മേഖലയ്ക്ക് പുത്തൻ ഉണർവ്: സഹകരണ സംഘങ്ങൾ കാർഷിക കൂട്ടായ്മകൾ ധനകാര്യ സ്ഥാപനങ്ങൾ എന്നിവയിലൂടെ, "നാളികേര വികസനം : നൂതന വരുമാന മാർഗ്ഗങ്ങളും" "ആധുനിക സാങ്കേതിക വിദ്യകളും സമകാലിക വെല്ലുവിളികളും" എന്നീ വിഷയങ്ങളെ ആസ്പദമാക്കി പാനൽ ചർച്ചകളും നടന്നു.

കോഴിക്കോട് പാളയം ചിന്താവളപ്പ് ശിക്ഷക് സദനിൽവച്ച് നടന്ന പരിപാടിയിൽ കുറ്റ്യാടി നിയോജകമണ്ഡലം എം.എൽ.എ കെ.പി കുഞ്ഞഹമ്മദ് കുട്ടി മാസ്റ്റർ അധ്യക്ഷത വഹിച്ചു. കാസറഗോഡ് സി. പി.സി.ആർ.ഐ റിട്ടയേർഡ് പ്രിൻസിപ്പൽ സയിന്റിസ്റ്റ് സി.തമ്പാൻ മുഖ്യപ്രഭാഷണം നടത്തി. കോഴിക്കോട് ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർ രഞ്ജിത്ത് ബാബു, അമ്പലവയൽ കാർഷിക കോളേജ് ഡീൻ യാമിനി വർമ്മ, കോഴിക്കോട് പ്രിൻസിപ്പൽ കൃഷി ഓഫീസർ അബ്ദുൽ മജീദ്, കോഴിക്കോട് തദ്ദേശസ്വയംഭരണ വകുപ്പ് ജോയിൻ ഡയറക്ടർ പ്രസാദ് പി.ടി, ജില്ലാ പ്ലാനിങ് ഓഫീസർ സുധീഷ് സി.പി, സി.ഡബ്ലിയു. ആർ. ഡി.എം. എക്സിക്യൂട്ടീവ് ഡയറക്ടർ മനോജ് പി. സാമുവൽ, കുന്നമ്മൽ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡണ്ട് കെ.പി ചന്ദ്രി, കോഴിക്കോട് മുൻസിപ്പൽ കോർപ്പറേഷൻ അറുപതാം വാർഡ് കൗൺസിലർ ടി. കെ.നാസർ മറ്റ് ജില്ലാതല ഉദ്യോഗസ്ഥർ, ശാസ്ത്രജ്ഞർ, ഗവേഷകർ, ത്രിതല പഞ്ചായത്തുകളിലെ ജനപ്രതിനിധികൾ, കർഷകർ എന്നിവർ സെമിനാറിൽ പങ്കെടുത്തു. ഭൂവിനിയോഗ കമ്മീഷണർ യാസ്മിൻ എൽ. റഷീദ് സ്വാഗതവും ഭൂവിനിയോഗ വകുപ്പ് ജോയിൻ ഡയറക്ടർ ടീന ഭാസ്കരൻ നന്ദിയും പറഞ്ഞു.

# ക്ഷീരവികസനവകുപ്പ് നേമം ബ്ലോക്ക് ക്ഷീരകർഷക സംഗമം

ക്ഷീരവികസനവകുപ്പ് നേമം ബ്ലോക്ക്, ബ്ലോക്ക് പഞ്ചായത്ത് പരിധിയിലെ ഗ്രാമപഞ്ചായത്തുകൾ ക്ഷീര സഹകരണസംഘങ്ങൾ, മിൽമ, കെ.എൽ.ഡി ബോർഡ് കേരളാഫീഡ്സ്, ആത്മ, സർവ്വീസ് സഹകരണ ബാങ്കുകൾ, മറ്റു ധനകാര്യസ്ഥാപനങ്ങൾ എന്നിവയുടെ സംയുക്ത ആഭിമുഖ്യത്തിൽ നേമം ബ്ലോക്ക് ക്ഷീരകർഷക സംഗമം വിവിധപരിപാടികളോടുകൂടി അന്തിയൂർക്കോണം ക്ഷീരോല്പാദക സഹകരണ സംഘത്തിൻ്റെ ആതിഥേയത്വത്തിൽ നേമം ബ്ലോക്ക് പഞ്ചായത്തിൽ സംഘടിപ്പിച്ചു.

ബഹു. എം.എൽ.എ ശ്രീ.ഐ.ബി. സതീഷ് അവർകളുടെ അദ്ധ്യക്ഷതയിൽ ക്ഷീരകർഷക സംഗമം ഉദ്ഘാടനം ബഹു. മൃഗസംരക്ഷണ ക്ഷീരവികസന വകുപ്പ് മന്ത്രി ശ്രീമതി. ജെ. ചിഞ്ചു റാണി നിർവ്വഹിച്ചു. നേമം ബ്ലോക്ക് പഞ്ചായത്ത്, പ്രസിഡൻ്റ് അഡ്വ.എസ്.കെ. പ്രീജ സ്വാഗതം പറഞ്ഞു.

ശ്രീമതി സിന്ധു ആർ, ഡെപ്യൂട്ടി ഡയറക്ടർ, ക്ഷീര വികസന വകുപ്പ് പദ്ധതി വിശദീകരണം നടത്തി. ബ്ലോക്കിലെ മികച്ച ക്ഷീര സംഘത്തിനുള്ള



നേമം ബ്ലോക്ക് ക്ഷീരകർഷക സംഗമം ഉദ്ഘാടനം ക്ഷീരവികസന മൃഗസംരക്ഷണവകുപ്പ് മന്ത്രി ശ്രീമതി. ജെ. ചിഞ്ചുറാണി നിർവ്വഹിക്കുന്നു.

വിളപ്പിൽ തമ്പി മെമ്മോറിയൽ എവർ റോളിങ്ങ് ട്രോഫി സമ്മാനിക്കൽ, ബ്ലോക്കിൽ ഏറ്റവും കൂടുതൽ പാലളന്ന ക്ഷീരകർഷകൻ, ഏറ്റവും കൂടുതൽ പാലളന്ന വനിത ക്ഷീരകർഷക, ഏറ്റവും കൂടുതൽ പാലളന്ന SC/ST ക്ഷീരകർഷകൻ എന്നിവരെ ആദരിക്കൽ, ക്ഷീര കർഷക ക്ഷേമനിധി ധനസഹായവിതരണം, ബ്ലോക്കിൽ ഏറ്റവും കൂടുതൽ പാൽ സംഭരിച്ച ആനന്ദ് മാതൃക ക്ഷീര സംഘത്തെ ആദരിക്കൽ,നേമം ബ്ലോക്കിലെ മികച്ച പ്രവർത്തനം കാഴ്ചവെച്ച ഭരണ സമിതി അംഗത്തെ ആദരിക്കൽ, ഇറിഗേഷൻ അസിസ്റ്റൻസ് വിതരണം, ബ്ലോക്കിൽ ഏറ്റവും കൂടുതൽ പാൽ സംഭരിച്ച വ്യവസായ സംഘത്തെ ആദരിക്കൽ, ബ്ലോക്കിൽ മികച്ച ഗുണനിലവാരമുള്ള പാൽ സംഭരിച്ച ക്ഷീര സംഘത്തെ ആദരിക്കൽ, ബ്ലോക്കിലെ മികച്ച യുവ സംരംഭകൻ / സംരംഭകയെ ആദരിക്കൽ, ബ്ലോക്കിലെ ക്ഷീരസംഘങ്ങൾക്കുള്ള ആവശ്യാധിഷ്ഠിത ധനസഹായവിതരണം,FSSA ധനസഹായവിതരണം, ഡ്രൈഫോഡർ സബ്സിഡി വിതരണം,

കന്നുകാലി പ്രദർശന മത്സരം, ക്ഷീരസംഘം ജീവനക്കാരുടെ മക്കളിൽ ഉന്നതവിജയം നേടിയ വിദ്യാർത്ഥികളെ ആദരിക്കൽ, മാനേജീരിയൽ സബ്സിഡി വിതരണം, തുടങ്ങിയവ നടത്തി. കോവളം നിയോജകമണ്ഡലം എംഎൽഎ ശ്രീ എം വിൻസന്റ്, ജില്ലാ പഞ്ചായത്ത് ക്ഷേമകാര്യ സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാൻ ശ്രീ വിളപ്പിൽ രാധാകൃഷ്ണൻ, ജില്ലാ പഞ്ചായത്ത് അംഗങ്ങളായ ശ്രീ ഭഗത് റൂഫസ്, ശ്രീ വിനോദ് കോട്ടുകാൽ, ബ്ലോക്ക് പഞ്ചായത്ത് പ്രതിനിധികൾ, പഞ്ചായത്ത് അംഗങ്ങൾ, പഞ്ചായത്ത് പ്രസിഡൻറുമാർ, വിവിധ ഉദ്യോഗസ്ഥ പ്രതിനിധികൾ, ക്ഷീരകർഷകർ തുടങ്ങിയവർ പങ്കെടുത്തു.

ക്ഷീരവികസന ഓഫീസർ ശ്രീമതി ബിന്ദു ബി എൽ നന്ദി പറഞ്ഞു. പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി വെറ്ററിനറി സർജൻ ഡോ. ജ്യോതി വി ദേവ്, ക്ഷീരവികസന ഓഫീസർ മാരായ സുസ്മിത, മേരി സുധ എന്നിവർ രാവിലെ നടന്ന കന്നുകാലി പ്രദർശനത്തിൻറെ വിധികർത്താക്കളായിരുന്നു. വിജയികളായ ഉരുക്കളുടെ ഉടമസ്ഥർക്കു സമ്മാനദാനവും നടത്തി.

# ക്ഷീരമേഖല മാറ്റത്തിന്റെ പാതയിൽ: മന്ത്രി ജെ ചിഞ്ചുറാണി



പെരുവന്താനം മൃഗാശുപത്രിയുടെ പുതിയ കെട്ടിടം ഉദ്ഘാടനം മൃഗസംരക്ഷണ ക്ഷീരവികസന വകുപ്പ് മന്ത്രി ശ്രീമതി. ജെ. ചിഞ്ചുറാണി നിർവ്വഹിക്കുന്നു.

മൃഗസംരക്ഷണ ക്ഷീര മേഖലയിൽ വലിയ മാറ്റത്തിന് വഴി തെളിക്കുന്ന നിരവധി പദ്ധതികളാണ് വകുപ്പ് നടപ്പിലാക്കി വരുന്നതെന്ന് മന്ത്രി ജെ ചിഞ്ചുറാണി. പെരുവന്താനം മൃഗാശുപത്രിയുടെ പുതിയ കെട്ടിടം ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി. മൃഗാശുപത്രികളുടെ പ്രവർത്തന സമയത്തിന് ശേഷമുള്ള അടിയന്തര ചികിത്സാ ആവശ്യങ്ങൾക്കായി കേരളത്തിലെ മുഴുവൻ ജില്ലകളിലും 1962 എന്ന ടോൾഫ്രീ നമ്പർ മുഖാന്തിരം മൊബൈൽ വെറ്ററിനറി യൂണിറ്റുകളും മൊബൈൽ സർജറി യൂണിറ്റുകളും പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. മൃഗചികിത്സാ വിവരങ്ങളും വാക്സിനേഷൻ സർട്ടിഫിക്കറ്റുകളും മൊബൈൽ ആപ്ലിക്കേഷൻ വഴി കർഷകരുടെ വിരൽത്തുമ്പിൽ ലഭ്യമാകുന്ന രീതിയിൽ 'ഇ സമൃദ്ധ' ഡിജിറ്റൽ പ്ലാറ്റ് ഫോം തയ്യാറായിട്ടുണ്ട്. സമഗ്ര ഇൻഷ്വറൻസ് പദ്ധതി, എല്ലാ ജില്ലകളിലും കിടാരി പാർക്കുകൾ, പശു ഗ്രാമം പദ്ധതി, പലിശ ഇളവ് നൽകുന്ന പദ്ധതി

കൾ, അതിദരിദ്രർക്ക് ഒരു ലക്ഷം രൂപ പശുക്കളെ വാങ്ങിക്കുന്നതിനുള്ള സഹായം, തോട്ടം മേഖലയിലെ കന്നുകാലി ഷെഡ്ഡുകൾ, മുടങ്ങാതെ നൽകുന്ന ഉയർത്തിയ ക്ഷീരകർഷക ക്ഷേമനിധി പെൻഷൻ, ക്ഷീരകർഷകരുടെ മക്കൾക്ക് സ്കോളർഷിപ്പും, വിവാഹ ധനസഹായവും നൽകുന്ന പദ്ധതികൾ, “ക്ഷീരസാന്ത്വനം” എന്ന പേരിലുള്ള കർഷക ഇൻഷ്വറൻസ് പദ്ധതി, വേനൽച്ചൂടിൽ മരണപ്പെട്ട കന്നുകാലികൾക്കും, ചർമ്മമുഴ രോഗം വന്ന് മരണപ്പെട്ട കന്നുകാലികൾക്കും നൽകിയ 37500 രൂപ വീതം ഉള്ള ധനസഹായം, പന്നിപ്പനി ബാധയെ തുടർന്ന് വിവിധ ജില്ലകളിൽ ദയാവധം നടത്തിയ പന്നികൾക്കുള്ള നഷ്ടപരിഹാരം, പന്നിപ്പനി ബാധിച്ച് മരണപ്പെട്ട പോയ പന്നികൾക്കുള്ള ധനസഹായം, പക്ഷിപ്പനി ബാധയെ തുടർന്ന് നഷ്ടമുണ്ടായ കർഷകർക്ക് നൽകിയ ധനസഹായം, മുഴുവൻ ബ്ലോക്കുകളിലും മൊബൈൽ വെറ്ററിനറി യൂണിറ്റുകളുടെ ആരംഭം, ശസ്ത്രക്രിയ സേവനങ്ങൾ ലഭ്യമാക്കുന്നതിനായി മൊബൈൽ സർജറി യൂണിറ്റുകളുടെ പ്രവർത്തനം, മിൽമ ഈ വർഷം ഉണ്ടാക്കിയ വൻ സാമ്പത്തിക ലാഭം എന്നിവയെല്ലാം ക്ഷീര മേഖലയെ താങ്ങി നിർത്തുന്നതിനുള്ള സർക്കാരിന്റെ പ്രവർത്തനങ്ങളാണെന്നും മന്ത്രി പറഞ്ഞു.

മനുഷ്യനെ പോലെ തന്നെ മൃഗങ്ങളെയും സംരക്ഷിച്ചുകൊണ്ട് വലിയൊരു മാറ്റത്തിന് ഈ മേഖല വഴിതെളിക്കുകയാണെന്നും മന്ത്രി പറഞ്ഞു. അന്തരിച്ച വാഴൂർ സോമൻ എംഎൽഎയു ടെ ക്ഷേമപ്രവർത്തനങ്ങൾ മന്ത്രി അനുസ്മരിച്ചു.

ആഫ്രിക്കൻ പന്നിപ്പനി ബാധിച്ച് വളർത്തുമൃഗങ്ങളെ നഷ്ടമായ കർഷകർക്ക് നഷ്ടപരിഹാരം മന്ത്രി വിതരണം ചെയ്തു.

പെരുവന്താനം ഗ്രാമപഞ്ചായത്ത് ഹാളിൽ നടന്ന യോഗത്തിൽ ഗ്രാമപഞ്ചായത്ത് പ്രസിഡൻറ് നിജിനി ഷംസുദ്ദീൻ അധ്യക്ഷത വഹിച്ചു. അഴുത ബ്ലോക്ക് പഞ്ചായത്ത് പ്രസിഡൻറ് ഒ വി ജോസഫ് “ഇ-സമൃദ്ധ“ പദ്ധതിയുടെ ലോഗിൻ കർമ്മം നിർവഹിച്ചു. പെരുവന്താനം ഗ്രാമപഞ്ചായത്ത് വികസനകാര്യ സ്ഥിരം സമിതി അധ്യക്ഷ വി എൻ ഝാൻ സി 'മൊബൈൽ സർജറി ആങ്കറിംഗ് യൂണിറ്റ്' ഉദ്ഘാടനം ചെയ്തു. ജില്ലാ മൃഗസംരക്ഷണ ഓഫീസർ ഇൻ ചാർജ് ഡോ. മിനി ജോസഫ് പ്ലാങ്കാല പദ്ധതി വിശദീകരണം നടത്തി. പരിപാടിയോടനുബന്ധിച്ച് പെരുവന്താനം ഗ്രാമപഞ്ചായത്ത് കമ്മ്യൂണിറ്റി ഹാളിൽ ക്ഷീരകർഷകർക്കായി 'കന്നുകുട്ടിയുടെ ആരോഗ്യം ക്ഷീര സമൃദ്ധിക്കായി' എന്ന വിഷയത്തിൽ കോലാനി കോഴി വളർത്തൽ കേന്ദ്രം, അസിസ്റ്റന്റ് ഡയറക്ടർ ഡോ. ജെയിസൺ ജോർജ് ക്ലാസ്സ് നയിച്ചു.

പരിപാടിയിൽ കൊക്കയാർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് മോളി ഡൊമിനിക്ക്, പെരുവ ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡന്റ് ബൈജു ഇ ആർ, അഴുത ബ്ലോക്ക് പഞ്ചായത്ത് അംഗം കെ ആർ വിജയൻ, ആരോഗ്യ-വിദ്യാഭ്യാസ സ്ഥി രം സമിതി അധ്യക്ഷ സാലിക്കുട്ടി ജോസഫ്, ക്ഷേമകാര്യ സ്ഥിരം സമിതി അധ്യക്ഷ ഗ്രേസി, ഗ്രാമപഞ്ചായത്ത് അംഗങ്ങളായ ഷാജി, എബിൻ വർക്കി, മേരിക്കുട്ടി ഓലിക്കൽ, സിഡിഎസ് ചെയർപേഴ്സൺ കുഞ്ഞുമോൾ ശിവദാസൻ, ചീഫ് വെറ്ററിനറി ഓഫീസർ ഡോ. ജോർജ് വർഗീസ്. പെരുവന്താനം ഗ്രാമപഞ്ചായത്ത് സെക്രട്ടറി സതീഷ് ചന്ദ്രൻ ജി ആർ, സീനിയർ വെറ്ററിനറി സർജൻ ഡോ. ജലജ കെ എൽ, വിവിധ രാഷ്ട്രീയ കക്ഷിനേതാക്കൾ തുടങ്ങിയവർ പങ്കെടുത്തു.

# നവീകരിച്ച കെഎയു അഗ്രി–ഇൻഫോടെക് പോർട്ടൽ പുറത്തിറക്കി

കേരള കാർഷിക സർവകലാശാലയിലെ സെന്റർ ഫോർ ഇ-ലേണിംഗ് വികസിപ്പിച്ചെടുത്ത കെഎയു അഗ്രി-ഇൻഫോടെക് പോർട്ടലിന്റെ നവീകരിച്ച പതിപ്പ് പുറത്തിറക്കി. ഫോറസ്ട്രി കോളേജ് ഡീൻ ഡോ. ഗോപകുമാർ എസ്. അദ്ധ്യക്ഷത വഹിച്ച ചടങ്ങിൽ പുതുക്കിയ കെഎയു അഗ്രി-ഇൻഫോടെക് പേർട്ടലിന്റെ ഉദ്ഘാടനം രജിസ്ട്രാർ ഡോ. എ. സക്കീർ ഹുസൈൻ നിർവഹിച്ചു.

കർഷകർ, വിജ്ഞാന വ്യാപന പ്രവർത്തകർ, ശാസ്ത്രജ്ഞർ, വിദ്യാർത്ഥികൾ തുടങ്ങി കൃഷിയെ അറിയാൻ ആഗ്രഹിക്കുന്ന ഏവർക്കും ലളിത




കെഎയു അഗ്രി-ഇൻഫോടെക് പേർട്ടലിൻറെ ഉദ്ഘാടനം രജിസ്ട്രാർ ഡോ. എ. സക്കീർ ഹുസൈൻ നിർവഹിക്കുന്നു

മായി ഇംഗ്ലീഷിലും മലയാളത്തിലും ഒരുപോലെ ഉപയോഗിക്കാവുന്ന കൃഷി സാങ്കേതിക വെബ്സൈറ്റ് ആണ് KAU Agri-infotech Portal. കേരള കാർഷിക സർവ്വകലാശാലയും മറ്റു കാർഷിക ഗവേഷണ സ്ഥാപനങ്ങളും വികസിപ്പിച്ചെടുത്ത സാങ്കേതിക അറിവുകൾ ഏവർക്കും വിരൽത്തുമ്പിൽ ലഭ്യമാക്കുക എന്ന ലക്ഷ്യത്തിൽ പ്രവർത്തിക്കുന്ന ഈ വെബ്സൈറ്റ് ഇന്നോളം ഒരു കോടിയിലധികം ആളുകൾ സന്ദർശിച്ചിട്ടുണ്ട്.

ഇതോടൊപ്പം കാർഷിക രംഗത്തിൽ സാങ്കേതിക വിദ്യയുടെ പ്രാധാന്യം അവതരിപ്പിക്കുന്നതിനു ഇ-പഠന കേന്ദ്രം നിർമ്മിച്ച "പൊടിക്കിഴങ്ങ് " എന്ന ഹ്രസ്വചിത്രത്തിൻ്റെ പ്രകാശനവും കെഎയു കംപ്ട്രോളർ ശ്രീ. മദൻ കുമാർ, ഡോ. ശ്രീവൽസൻ ജെ. മേനോൻ, എന്നിവർ ചടങ്ങിൽ നിർവഹിച്ചു. 'നോളജ് ബാങ്ക്' എന്ന ഡിജിറ്റൽ ലക്ചർ ശേഖരം, രണ്ടു കാർഷിക ഡോക്യുമെന്ററികൾ പുതിയ ഓൺലൈൻ കോഴ്സുകളുടെ ടീസർ എന്നിവയുടെ ഉദ്ഘാടനവും ചടങ്ങിൽ നിർവഹിക്കപ്പെട്ടു. ഗവേഷണ വിഭാഗം മേധാവി ഡോ. കെ.എൻ. അനിത്, വിജ്ഞാന വ്യാപന വിഭാഗം മേധാവി ഡോ. ബിന്ദു പി. ബോണി വിദ്യാഭ്യാസ വിഭാഗം മേധാവിഡോ. കുഞ്ഞാമു ടി.കെ. എന്നിവരായിരുന്നു ഉദ്ഘാടനം നിർവഹിച്ചത്

ഡോ. മണി ചെല്ലപ്പൻ (ഡീൻ, കാർഷിക കോളേജ്), ഡോ. പി. സുരേഷ് കുമാർ, എന്നിവർ പ്രധാന അതിഥികളായിരുന്നു.

സർവകലാശാലാ അധികാരികൾ, അദ്ധ്യാപകർ വിദ്യാർഥികൾ എന്നിവർ പങ്കെടുത്ത ചടങ്ങിന്, ഇ-പഠന കേന്ദ്രം മേധാവി, ഡോ. ബി. അജിത്കുമാർ സ്വാഗതമാശംസിച്ചു. അസിസ്റ്റന്റ് പ്രൊഫസർ ഡോ. അഖിൽ അജിത് നന്ദി രേഖപ്പെടുത്തി.

കേരള കാർഷിക സർവകലാശാല അക്കാദമിക് ബ്ലോക്ക്






കേരള കാർഷിക സർവകലാശാല സ്ഥാപകദിനം ഫെബ്രുവരി 1 കൃഷി മന്ത്രി ശ്രീ. പി. പ്രസാദ് സംസാരിക്കുന്നു.

# NIRF 2025 റാങ്കിംഗ്: കാർഷിക സർവകലാശാലക്ക് ചരിത്രനേട്ടം

രാജ്യത്തെ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ NIRF (National Institutional Ranking Framework) 2025 റാങ്കിംഗിൽ കേരള കാർഷിക സർവകലാശാല (KAU) മികച്ച മുന്നേറ്റം കൈവരിച്ചു. കേന്ദ്ര ഉന്നതവിദ്യാഭ്യാസ മന്ത്രി ശ്രീ. ധർമേന്ദ്ര പ്രധാൻ ഇന്ന് പുറത്തിറക്കിയ റാങ്കിംഗ് പ്രകാരം, കാർഷിക മേഖലയിലെ സർവകലാശാലകളിൽ KAU 12-ാം സ്ഥാനത്തേക്ക് ഉയർന്നു. കഴിഞ്ഞ വർഷം 16-ാം സ്ഥാനത്തായിരുന്നു സർവകലാശാലയുടെ സ്ഥാനം.

ഈ നേട്ടം കാർഷിക മേഖലയിൽ മാത്രമായി ഒതുങ്ങുന്നില്ല. ദേശീയതലത്തിലെ മൊത്തം സർവകലാശാലകളുടെ റാങ്കിംഗിൽ 151-200 എന്ന റാങ്ക് ബാൻഡിൽ നിന്ന് 101-150 റാങ്ക് ബാൻഡിലേക്ക് കുതിച്ചുകയറി. കൂടാതെ, സംസ്ഥാനത്തെ പൊതുസർവകലാശാലകളുടെ വിഭാഗത്തിൽ 51-100 റാങ്ക് ബാൻഡും കാർഷിക സർവകലാശാല നേടി.

കേരളത്തിലെ സർവകലാശാലകളിൽ KAU ഏഴാം സ്ഥാനത്തെത്തി, കഴിഞ്ഞ വർഷം എട്ടാം സ്ഥാനത്തായിരുന്നു. ഏറ്റവും ശ്രദ്ധേയമായ നേട്ടം, സർവകലാശാലയുടെ മൊത്തം പോയിന്റ് നില 55-ൽ നിന്ന് 60-ലേക്ക് ഉയർന്നതാണ്.

സർവകലാശാല വൈസ് ചാൻസലർ ഡോ. ബി. അശോക്, ഐഎഎസ് ഈ നേട്ടത്തെക്കുറിച്ച് സംസാരിക്കവേ, അക്കാദമിക്, ഗവേഷണ, വിജ്ഞാനവ്യാപന പ്രവർത്തനങ്ങളുടെ ചിട്ടയായ ഏകോപനമാണ് ഈ വിജയത്തിന് പിന്നിലെന്ന് വ്യക്തമാക്കി. "IQAC ശക്തിപ്പെടുത്തിയത്, അക്കാദമിക് ഓഡിറ്റ് നിർബന്ധമാക്കിയത്, ഓൺലൈൻ സ്റ്റുഡന്റ് ഫീഡ്ബാക്ക് സംവിധാനം തുടങ്ങിയവയെല്ലാം ഗുണകരമായി," അദ്ദേഹം പറഞ്ഞു.

പേറ്റന്റുകൾക്കും ഗവേഷണ പ്രബന്ധങ്ങൾക്കും ഇൻസെന്റീവ് നൽകാനുള്ള തീരുമാനം, പുതിയ അക്കാദമിക് പ്രോഗ്രാമുകളിലൂടെ 200-ൽ അധികം വിദ്യാർത്ഥികളെ ഉൾപ്പെടുത്തിയത്, കൂടാതെ PhD പ്രവേശനത്തിൽ വർദ്ധനവുണ്ടാക്കിയത് തുടങ്ങിയ സുപ്രധാനമായ നയങ്ങളും ഈ നേട്ടങ്ങൾക്ക് കാരണമായെന്ന് ഡോ. ബി. അശോക് കൂട്ടിച്ചേർത്തു.

# കറവപശുക്കൾക്കുള്ള ഓണക്കിറ്റ് വിതരണം

കാട്ടാക്കട ഗ്രാമപഞ്ചായത്ത് മൃഗാശുപത്രിയുടെ ആഭിമുഖ്യത്തിൽ കറവപശുക്കൾക്കുള്ള ഓണക്കിറ്റ് വിതരണം പദ്ധതിയുടെ ഉദ്ഘാടനം 3/9/2025 ന് രാവിലെ 11 മണിയ്ക്ക് കാട്ടാക്കട ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ശ്രീ. കെ.അനിൽകുമാർ നിർവ്വഹിച്ചു. വികസനകാര്യ ചെയർമാൻ ശ്രീ.എസ്.വിജയകുമാർ അദ്ധ്യക്ഷത വഹിച്ച ചടങ്ങിൽ സീനിയർ വെറ്റിനറി സർജൻ ഡോ.സജിത്കുമാർ. എസ് സ്വാഗതം ആശംസിച്ചു. ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡൻറ് ശ്രീമതി മഞ്ജുഷ, ആശുപത്രി വികസനസമിതി അംഗം ശ്രീ.കാട്ടാക്കട രാമു, ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടേഴ്സ് യൂണിയൻ തിരുവനന്തപുരം ജില്ല സെക്രട്ടറി ശ്രീ.ഇ.ഷിബുരാജൻ എന്നിവർ ആശംസകൾ നേർന്നു.

ലൈവ്സ്റ്റോക് ഇൻസ്പക്ടർ ശ്രീ. അനിലാഷ് യു.ബി. കൃതജ്ഞത രേഖപ്പെടുത്തി. ആദ്യ കിറ്റ് ചെമ്പനാകോട് ക്ഷീരസംഘം പ്രസിഡന്റ് ശ്രീ.മാത്യൂ ലൂയിസിന് ഏറ്റുവാങ്ങി. ഈ പദ്ധതി പ്രകാരം കാട്ടാക്കട ഗ്രാമപഞ്ചായത്തിലെ കുളമ്പുരോഗ പ്രതിരോധ കുത്തിവെയ്പ്പിന് വിധേയമാക്കിയ എല്ലാ ഉരുക്കൾക്കും കിറ്റുകൾ വിതരണം ചെയ്യും.

കിറ്റിൽ കാലിത്തീറ്റയ്ക്ക് പുറമേ കാത്സ്യം ടോണിക്ക്, വൈറ്റമിൻ ടോണിക്ക്, ലിവർ ടോണിക്ക്, മീനെണ്ണ, പശുക്കൾക്കും കന്നുക്കുട്ടികൾക്കുമുള്ള വിരമരുന്നുകൾ, ധാതുലവണ മിശ്രിതം, പ്രസവരക്ഷ മരുന്നുകൾ, അകിടുരോഗനിയന്ത്രണ മരുന്നുകൾ മുതലായ 10 ഇനങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. വരും ദിവസങ്ങളിൽ ഓണകിറ്റുകൾ മൃഗാശുപത്രിയിൽ നിന്നും കൈപ്പറ്റാവുന്നതാണെന്ന് സീനിയർ വെറ്ററിനറി സർജൻ അറിയിച്ചു.



കാട്ടാക്കട ഗ്രാമപഞ്ചായത്ത് മൃഗാശുപത്രിയുടെ ആഭിമുഖ്യത്തിൽ കറവപശുക്കൾക്കുള്ള ഓണക്കിറ്റ് വിതരണം പദ്ധതിയുടെ ഉത്ഘാടനം കാട്ടാക്കട ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ശ്രീ. കെ.അനിൽകുമാർ നിർവ്വഹിക്കുന്നു.

ഫോൺ : 0471 2317314, 2314358, 2318186, e-mail : piofibtvm@gmail.com, harithadalam@gmail.com
Published by Sindu K.S., Principal Information Officer for Farm Information Bureau, Kowdiar P.O., Tvpm-3. Govt. of Kerala;
Editor: Dr. V. Krishnadas., Design & Layout : Maya Santhosh